## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1465** **06/03/2017 ൽ മറുപടിക്ക്**

### കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് നിയമനം

| ചോദ്യം<br>ശ്രീ.എ.എൻ.ഷംസീർ: | മറുപടി<br>ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
|---|---|
| എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി, ന്യൂ മാഹി കൃഷി ഭവനുകളിൽ നിലവിൽ എത്ര കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകളുണ്ട് ; ഇവയിൽ എത്ര തസ്തികകളിൽ ഉദ്യോഗസ്ഥരില്ല ; | (എ), തലശ്ശേരി നിയോജക മണ്ഡലത്തിലെ ചോക്ലി, ന്യൂമാഹി കൃഷി ഭവനുകളിൽ ഓരോ കൃഷി ഓഫീസർ തസ്തികകൾ വീതം നിലവിലുണ്ട്. ന്യൂമാഹി കൃഷി ഓഫീസർ ഡബ്ല്യു.റ്റി.ഒ. സെല്ലിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലിനോക്കി വരികയായിരുന്നു. കാലാവധി കഴിഞ്ഞതിനെ തുടർന്ന് ഇവരെ ന്യൂമാഹിയിലേക്ക് മടക്കി അയച്ചുവെങ്കിലും ഇപ്പോൾ അവധിയ്ക്ക് അപേക്ഷിച്ചിരിക്കുകയാണ്. ചൊക്ലി കൃഷി ഭവനിൽ നിലവിൽ എംപ്ലോയിമെന്റ് മുഖാന്തരം നിയമിതനായ കൃഷി ഓഫീസർ സേവനമനുഷ്ഠിക്കുന്നു. ചൊക്ലി കൃഷി ഭവനിൽ മൂന്നും, ന്യൂ മാഹി കൃഷി ഭവനിൽ രണ്ടും കൃഷി അസിസ്റ്റന്റ് തസ്തികകളുണ്ട്. കൃഷി അസിസ്റ്റന്റ് തസ്തികകളൊന്നും ഒഴിഞ്ഞുകിടക്കുന്നില്ല. |
| ബി) സംസ്ഥാനത്ത് നിലവിൽ എത്ര കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട് ; | (ബി) കൃഷി ഓഫീസർ തസ്തികയിൽ 172 ഉം, കൃഷി അസിസ്റ്റന്റ് തസ്തികയിൽ ഒരു ഒഴിവും ഒഴിഞ്ഞു കിടക്കുന്നുണ്ട്. |
| സി) അഗ്രികൾച്ചറൽ ഓഫീസർ, അഗ്രികൾച്ചറൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിന് പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) അഗ്രികൾച്ചർ ഓഫീസർ, അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.എന്നാൽ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തതനുസരിച്ചുള്ള 172 ഒഴിവുകളിലേക്കും നിയമനം നടത്തുവാനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പി .എസ്. സി യിൽ ധ്രുതഗതിയിൽ നടന്നു വരികയാണ്.ഇത് ഉടനെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പൂർത്തിയായാലുടനെ ഒഴിവുകളിൽ നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ